# കേരള സർവകലാശാല

നം.പി.ആർ.140/2018

ഫോൺ : 2305738

## പത്രക്കുറിപ്പ്

### ഒന്നാം വർഷ ബിരുദ പ്രവേശനത്തിനുള്ള രണ്ടാം ഘട്ട അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു. 23.06.2018 വരെ ഫീസ് അടയ്ക്കാം

കേരള സർവകലാശാലയുടെ 2018-19 വർഷത്തെ ബിരുദ പ്രവേശനത്തിനുള്ള രണ്ടാം ഘട്ട അലോട്ട്മെന്റ് (http://admissions.keralauniversity.ac.in) എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. അപേക്ഷകർക്ക് അപേക്ഷാനമ്പറും പാസ്‌വേർഡും ഉപയോഗിച്ച് ലോഗിൻ ചെയ്ത് തങ്ങളുടെ അലോട്ട്മെന്റ് പരിശോധിക്കാം. ഒന്നാം ഘട്ടത്തിൽ അലോട്ട്മെന്റ് ലഭിക്കാത്തവരും എന്നാൽ രണ്ടാം ഘട്ടത്തിൽ അലോട്ട്മെന്റ് ലഭിക്കുകയും ചെയ്ത അപേക്ഷകർ ഓൺലൈനായോ അല്ലാത്ത പക്ഷം വെബ്സൈറ്റിൽ ലോഗിൻ ചെയ്ത ശേഷം അഡ്മിഷൻ ഫീസ് അടയ്ക്കാനുള്ള ചലാൻ പ്രിന്റ് ഔട്ട് എടുത്ത് എസ്.ബി. ഐയുടെ ഏതെങ്കിലും ശാഖയിൽ ഫീസ് അടയ്ക്കണം. ഒന്നാം ഘട്ട അലോട്ട്മെന്റിൽ ഫീസ് അടച്ചവർ വീണ്ടും ഫീസ് അടയ്ക്കേണ്ടതില്ല. അഡ്മിഷൻ ഫീസ് ജനറൽ വിഭാഗത്തിന് 1525 രൂപയും എസ്.സി/എസ്.ടി വിഭാഗത്തിന് 840 രൂപയുമാണ്. ഫീസ് ബാങ്കിൽ അടച്ചു കഴിഞ്ഞാൽ വെബ്സൈറ്റിൽ ലോഗിൻ ചെയ്ത് അഡ്മിഷൻ ഫീസ് ഒടുക്കിയ വിവരം (ജേർണൽ നമ്പർ) 23.06.2018-നകം രേഖപ്പെടുത്തി തങ്ങളുടെ അലോട്ട്മെന്റ് ഉറപ്പാക്കേണ്ടതാണ്. അഡ്മിഷൻ ഫീസ് ഒടുക്കിയ വിവരം യഥാസമയം ചേർക്കാത്ത വിദ്യാർത്ഥികളുടെ അലോട്ട്മെന്റ് റദ്ദാകും. ഇങ്ങനെയുള്ളവരെ യാതൊരു കാരണവശാലും തുടർന്നുള്ള അലോട്ട്മെന്റുകളിൽ പരിഗണിക്കുന്നതല്ല. ഒന്ന്, രണ്ട്,മൂന്ന് ഘട്ടം അലോട്ട്മെന്റുകളിൽ പ്രവേശനം ലഭിച്ചവർ മൂന്നാം അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചതിന് ശേഷം മാത്രം കോളേജുകളിൽ ഹാജരായാൽ മതിയാകും.രണ്ടാം ഘട്ട അലോട്ട്മെന്റിൽ തൃപ്തരാണെങ്കിൽ അഡ്മിഷൻ ഫീസ് ഒടുക്കിയ വിവരം വെബ്സൈറ്റിൽ ചേർത്ത ശേഷം ആവശ്യമെങ്കിൽ അവരുടെ ഹയർ ഓപ്ഷനുകൾ ജൂൺ 25 രാവിലെ 10 മണി വരെ നീക്കം ചെയ്യാം. ഹയർ ഓപ്ഷനുകൾ നിലനിർത്തുന്ന അപേക്ഷകരെ അടുത്ത (മൂന്നാം) അലോട്ട്മെന്റിൽ ആ ഓപ്ഷനുകളിലേയ്ക്ക് പരിഗണിക്കുന്നതും ഇങ്ങനെയുള്ളവർ പുതിയ അലോട്ട്മെന്റിൽ ലഭിക്കുന്ന സീറ്റ് നിർബന്ധമായും സ്വീകരിക്കേണ്ടതുമാണ്.

### ആറാം സെമസ്റ്റർ സി.ബി.സി.എസ് - ബി.എസ്.സി പരീക്ഷ ഫലം

ഏപ്രിൽ 2018 നടന്ന ആറാം സെമസ്റ്റർ സി.ബി.സി.എസ് - ബി.എസ്.സി (2015 റഗുലർ, 2014, 2013 സപ്ലിമെന്ററി) പരീക്ഷയുടെ ഫലം വെബ്സൈറ്റിൽ.
പുനർമൂല്യനിർണയത്തിനും സൂക്ഷമപരിശോധനക്കും ഓൺലൈനായി അപേക്ഷിക്കാവുന്ന അവസാന തീയതി ജൂലൈ 17.

## ആറാം സെമസ്റ്റർ കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ്-ബി.എസ്. ഡബ്ല്യു

2018 ഏപ്രിലിൽ നടത്തിയ ആറാം സെമസ്റ്റർ കരിയർ റിലേറ്റഡ് സി.ബി.സി. എസ്.എസ്-ബി.എസ്.ഡബ്ല്യു പരീക്ഷ ഫലം (2015 അഡ്മിഷൻ - റെഗുലർ, 2014 അഡ്മിഷൻ - സപ്ലിമെന്ററി) - പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## അഞ്ചാം സെമസ്റ്റർ കരിയർ റിലേറ്റഡ് സി.ബി.സി.എസ്-ബി.എസ്.സി കംപ്യൂട്ടർ സയൻസ് പരീക്ഷ ഫലം

2017 ഡിസംബറിൽ നടത്തിയ അഞ്ചാം സെമസ്റ്റർ കരിയർ റിലേറ്റഡ് സി. ബി.സി.എസ്-ബി.എസ്.സി കംപ്യൂട്ടർ സയൻസ് പരീക്ഷയുടെ ഫലം (2015 അഡ്മിഷൻ -റെഗുലർ, 2014, 2013 അഡ്മിഷൻ സപ്ലിമെന്ററി) പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പി.ജി.ഡിപ്ലോമ ഇൻ യോഗാ തെറാപ്പി (മോർണിങ് ബാച്ച്) -സീറ്റൊഴിവ്

തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രം നടത്തുന്ന പി.ജി.ഡിപ്ലോമ ഇൻ യോഗാ തെറാപ്പി (മോർണിങ് ബാച്ച്) കോഴ്സിന് ഏതാനും സീറ്റൊഴിവുണ്ട്.അടിസ്ഥാന യോഗ്യത - കേരള സർവ്വകലാശാല അംഗീകരിച്ച ബിരുദം,കോഴ്സ് കാലാവധി ഒരു വർഷം, ക്ലാസ്സുകൾ തിങ്കൾ മുതൽ ശനി വരെ, സമയം - രാവിലെ ഏഴ് മുതൽ ഒൻപത് വരെ (7 A.M to 9 P.M), കോഴ്സ് ഫീസ് - Rs.19,500/- അപേക്ഷ ഫീസ് - 100 രൂപ

താല്പര്യമുള്ളവർ P.M.G Junction-ലെ CACEE ഓഫീസുമായി ബന്ധപ്പെടുക
ഫോൺ - 0471-2302523

## ലൈബ്രറി സയൻസ് സർട്ടിഫിക്കറ്റ് കോഴ്സ്

തുടർവിദ്യാഭ്യാസ വ്യാപന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരം ലയോള കോളേജിൽ നടന്ന സർട്ടിഫിക്കറ്റ് ഇൻ ലൈബ്രറി ആൻഡ് ഇൻഫോർമേഷൻ സയൻസ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. മിനിമം യോഗ്യത പ്ലസ്ടു. സർക്കാർ സർവ്വീസിലുള്ളവർക്ക് എസ്.എസ്.എൽ.സി മതിയാകും. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ജൂൺ 30. ശ്രീകാര്യത്തുള്ള ലയോള കോളേജ് ഓഫീസിൽ നിന്നും അപേക്ഷ ഫോം ലഭിക്കുന്നതാണ്. ഫോൺ - 0471 - 2592059

## സർട്ടിഫിക്കറ്റ് ഇൻ ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് - തീയതി നീട്ടി

തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രം നടത്തുന്ന സർട്ടിഫിക്കറ്റ് ഇൻ ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് കോഴ്സിന് ജൂൺ 30 വരെ അപേക്ഷിയ്ക്കാം. യോഗ്യത -പ്രീഡിഗ്രി/പ്ലസ്ടു, കോഴ്സ് കാലാവധി-ആറ് മാസം, ക്ലാസ്സുകൾ - ശനി, ഞായർ ദിവസങ്ങളിൽ മാത്രം, സമയം-രാവിലെ 9.30 മുതൽ 4.30 വരെ, കോഴ്സ് ഫീസ് - Rs.7,500/- അപേക്ഷ ഫീസ് - 100 രൂപ, ഉയർന്ന പ്രായ പരിധി ഇല്ല.

അപേക്ഷാഫോറം P.M.G Junction-ലെ CACEE ഓഫീസുമായി നിന്നും ലഭിക്കും
വിശദ വിവരങ്ങൾക്ക് - 0471-2302523
അവസാന തീയതി - ജൂൺ 30.

**സർട്ടിഫിക്കറ്റ് ഇൻ ലൈബ്രറി ആൻഡ് ഇൻഫർമേഷൻ സയൻസ് അപേക്ഷ ക്ഷണിച്ചു**

തുടർവിദ്യാഭ്യാസ വ്യാപന കേന്ദ്രം നെടുമങ്ങാട് പനവൂർ മുസ്ലീം അസോസിയേഷൻ കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസിൽ നടത്തുന്ന സർട്ടിഫിക്കേറ്റ് ഇൻ ലൈബ്രറി ആൻഡ് ഇൻഫർമേഷൻ സയൻസ് കോഴ്സിന് അപേക്ഷ ക്ഷണിച്ചു. കോഴ്സ് കാലാവധി ആറ് മാസം. യോഗ്യത – പ്ലസ് ടു/ പ്രീ ഡിഗ്രി.

അപേക്ഷ കോളേജിലെ തുടർവിദ്യാഭ്യാസ യൂണിറ്റിൽ നിന്ന് ലഭിക്കും. അപേക്ഷാഫീസ് 110 രൂപ. ഫോൺ – 0472–2867555, 7293973530

**അഞ്ചാം സെമസ്റ്റർ ബി.കോം കൊമേഴ്സ് ആന്റ് ടാക്സ് പ്രൊസിജിയർ ആന്റ് പ്രാക്ടീസ് പരീക്ഷ ഫലം.**

2017 ഡിസംബർ മാസത്തിൽ നടത്തിയ അഞ്ചാം സെമസ്റ്റർ ബി.കോം കൊമേഴ്സ് ആന്റ് ടാക്സ് പ്രൊസിജിയർ ആന്റ് പ്രാക്ടീസ് (2015 അഡ്മിഷൻ റെഗുലർ, 2014 & 2013 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകളുടെ ഫലം വെബ്സൈറ്റിൽ ലഭ്യമാണ്. സൂക്ഷമ പരിശോധനയ്ക്കും പുനർമൂല്യനിർണയ ത്തിനും ജൂലൈ 18 വരെ ഓൺലൈനായി അപേക്ഷിക്കാവുന്നതാണ്.

**എം.എ.ജർമ്മൻ ലാംഗ്വേജ് & ലിറ്ററേച്ചർ 2016 – 2018 ബാച്ച് പരീക്ഷ ഫലം**

2018 ഏപ്രിൽ മാസത്തിൽ നടത്തിയ എം.എ ജർമ്മൻ ലാംഗ്വേജ് & ലിറ്ററേ ച്ചർ 2016 – 2018 ബാച്ച് (സി.എസ്.എസ്) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. ടോണി ഫിലിപ്പ് ജോൺ (രജി.നം. 82816620003) ഒന്നാം റാങ്ക് കരസ്ഥമാക്കി.

**എം.എസ്.സി –അക്വാട്ടിക് ബയോളജി & ഫിഷിറീസ് പരീക്ഷാഫലം**

2018 ഏപ്രിൽ മാസത്തിൽ നടത്തിയ എം.എസ്.സി അക്വാട്ടിക് ബയോളജി &ഫിഷറീസ് 2016 – 2018 ബാച്ച് (സി.എസ്.എസ്) പരീക്ഷാഫലം പ്രസിദ്ധീകരി ച്ചു. സൗമ്യ.കെ.ആർ (രജി.നം.81016600009) ഒന്നാം റാങ്ക് കരസ്ഥമാക്കി.

**എം.എ.ഇസ്ലാമിക് ഹിസ്റ്ററി പരീക്ഷാഫലം**

2018 ഏപ്രിൽ മാസത്തിൽ നടത്തിയ എം.എ.ഇസ്ലാമിക് ഹിസ്റ്ററി 2016 – 2018 ബാച്ച് (സി.എസ്.എസ്) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. ശ്രീ.ഷിറിൻ.എം. ബഷീർ ഒന്നാം റാങ്ക് കരസ്ഥമാക്കി.

**അഞ്ചാം സെമസ്റ്റർ കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ് ബി.എ. പരീക്ഷ ഫലം**

2017 ഡിസംബറിൽ നടത്തിയ അഞ്ചാം സെമസ്റ്റർ ബി.എ.മലയാളം ആന്റ് മാസ് കമ്മ്യീണിക്കേഷൻ, ബി.എ.കമ്മ്യൂണിക്കേറ്റിവ് അറബിക്, ബി.എ.ജേർണ ലിസം ആന്റ് മാസ്സ് കമ്മ്യൂണികേഷൻ ആന്റ് വീഡിയോപ്രൊഡക്ഷൻ,ബി.പി.എ(വോക്കൽ/വീണ/വയലിൻ/മൃദംഗം/ഡാൻസ്) , ബി.എ.ഇംഗ്ലീഷ് ആന്റ് കമ്മ്യൂണികേറ്റിവ് ഇംഗ്ലീഷ് പരീക്ഷകളുടെ ഫലം പ്രസി ദ്ധീകരിച്ചു. വിശദമായ ഫലം വെബ്സൈറ്റിൽ(www.keralauniversity.ac.in). സൂക്ഷമ പരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനും അപേക്ഷിക്കാവുന്ന അവസാന തീയതി ജൂലൈ 18

## ഏഴാം സെമസ്റ്റർ ബി.ടെക്ക് പരീക്ഷ ടൈംടേബിൾ

ജൂലൈ 4 ന് ആരംഭിക്കുന്ന ഏഴാം സെമസ്റ്റർ ബി.ടെക്ക് (2008 സ്കീം) ജൂലൈ 2018 പരീക്ഷയുടെ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

## ബി.എഡ് മൂല്യനിർണ്ണയം

2018 ഏപ്രിൽ മാസത്തിൽ നടന്ന രണ്ടാം സെമസ്റ്റർ (റെഗുലർ ആന്റ് സപ്ലിമെന്ററി)(2015 സ്ക്കീം) ബി.എഡ് ഡിഗ്രി പരീക്ഷകളുടെ ഉത്തരകടലാസുകളുടെ മൂല്യനിർണ്ണയം സർവകലാശാലയിൽ അഫിലിയേറ്റ് ചെയ്തിരിക്കുന്ന എല്ലാ ട്രെയിനിങ് ടീച്ചേർസ് ട്രെയിനിങ് എഡ്യൂക്കേഷൻ കേന്ദ്രങ്ങളിലും റെഗുലർ ക്ലാസ്സുകൾ റദ്ദ് ചെയ്തുകൊണ്ട് ജൂൺ 26 മുതൽ 30 വരെ താഴെ പറയുന്ന മൂല്യനിർണ്ണയ കേന്ദ്രങ്ങളിൽ ആരംഭിക്കുന്നതാണ്.

മൂല്യനിർണ്ണയ കേന്ദ്രം 1

സർവകലാശാല ക്യാപസ്, പരീക്ഷ കൺട്രോളറുടെ കാര്യാലയം, തിരുവനന്തപുരം


മൂല്യനിർണ്ണയ കേന്ദ്രം 2

കേരള യൂണിവേഴ്സിറ്റി കോളേജ് ഓഫ് ടീച്ചേർ എഡ്യൂക്കേഷൻ, തേവള്ളി, കൊല്ലം.

മൂല്യനിർണ്ണയ കേന്ദ്രം 3

ഡി.ഓ.ഐ.സി., പന്തളം


തിരുവനന്തപുരം.



22.06.2018

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,



സെക്ഷൻ ഓഫീസർ


e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098